**ശ്രദ്ധ ക്ഷണിക്കൽ**

(1) റീസർവ്വേ നടപടികളും ദുരിതബാധിതർക്ക് നഷ്ടപരിഹാരവും

ശ്രീ. പി. എസ്. സുപാൽ: സർ, നമ്മുടെ സംസ്ഥാനത്തെ റീസർവ്വേ നടപടികളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് 1960-തുകളിലാണ് റീസർവ്വേ നടപടികൾ ആരംഭിച്ചത്. 60 വർഷക്കാലം പിന്നിടുകയാണ്. 1600 വില്ലേജുകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. ഇതുവരെ ഏതാണ്ട് 900 വില്ലേജുകളിലാണ് ഇത് പൂർത്തീകരിച്ചിട്ടുള്ളത്. പൂർത്തീകരിച്ചതിൽത്തന്നെ ധാരാളം പരാതികൾ നിലനിൽക്കുകയാണ്. ഇനിയും 700 വില്ലേജുകളോളം പൂർത്തീകരിക്കുവാനുണ്ട്. നിലവിൽ പരമ്പരാഗത രീതിയിലാണ് റീസർവ്വേ നടപടികൾ മുന്നോട്ടുപോകുന്നത്. അങ്ങനെവരുമ്പോൾ എത്രനാളുകൾ ഇനിയും വേണ്ടിവരുമെന്ന് നമുക്ക് ആലോചിക്കാൻ കഴിയും. ആധുനിക സംവിധാനത്തോടെ സംസ്ഥാനത്തെ റീസർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ അടിയന്തരമായി സ്വീകരിക്കേണ്ടതുണ്ട്. സർവ്വേ ജീവനക്കാരുടെ കുറവും ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. അങ്ങ് മുൻകൈയെടുത്ത് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. നമ്മുടെ റീസർവ്വേ

പ്രവർത്തനങ്ങൾക്കും വികസനപരമായ ആവശ്യവുമായി ബന്ധപ്പെട്ടുമൊക്കെ സർവ്വേയർമാർ അനിവാര്യമാണ്. കൂടുതൽ ആളുകളെ അതിന് നിയോഗിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായുണ്ട്. നമ്മുടെ സംസ്ഥാനത്തെ എല്ലാവർക്കും പട്ടയം ലഭ്യമാക്കുക എന്നുള്ളത് എൽ.ഡി.എഫ്. സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 177000 പേർക്ക് പട്ടയം നൽകിക്കൊണ്ടാണ് ഗവൺമെന്റ് മാതൃക സ്വീകരിച്ചത്. ഇപ്പോഴത്തെ ഗവൺമെന്റ് മുഴുവൻ ആളുകൾക്കും പട്ടയം നൽകുന്നതിനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകുകയാണ്. അങ്ങ് ഇക്കാര്യത്തിൽ ജാഗ്രതയോടെ ഇടപെട്ട് പ്രവർത്തിക്കുകയാണ്. 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി 12000-ത്തോളം പട്ടയം നൽകുമെന്ന് പ്രഖ്യാപിച്ചപ്പോൾ ആ സ്ഥാനത്ത് 13500 പട്ടയം നൽകി ആ വാക്കുകളോടെ നീതിപുലർത്തിയ സർക്കാരാണ് എൽ.ഡി.എഫ്. സർക്കാർ. കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് നിരവധി ആളുകളുടെ ജീവൻ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടായി. പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ അടക്കം വലിയ നാശനഷ്ടങ്ങളാണ് ഉണ്ടായത്. അടിയന്തരമായി ഇക്കാര്യത്തിൽ മുഴുവൻ ആളുകൾക്കും

നഷ്ടപരിഹാരം നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം മാനദണ്ഡങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. വീട്, കിണർ, കാലിത്തൊഴുത്ത് ഇതിനൊക്കെയാണ് നഷ്ടപരിഹാരം ലഭിക്കുന്നത്. മണ്ണിടിച്ചിൽ വ്യാപകമാണ്. മണ്ണിടിഞ്ഞ് വീണാൽ താഴെയുള്ള വീടും മുകളിലുള്ള വീടും നഷ്ടപ്പെടുകയാണ്. പക്ഷെ അത് പൂർവ്വസ്ഥിതിയിൽ ആക്കുവാൻ ലക്ഷക്കണക്കിന് രൂപ വേണ്ടിവരും. പാവപ്പെട്ട ആളുകൾക്ക് എങ്ങനെയത് സാധിക്കും. അതുകൊണ്ട് അതിനുള്ള നഷ്ടപരിഹാരത്തെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണം. കടകളിൽ വെള്ളം കയറി സാധനങ്ങളെല്ലാം നശിക്കുന്ന സാഹചര്യമുണ്ട്. അതിന് നിലവിൽ നഷ്ടപരിഹാരത്തിനുള്ള നടപടികളില്ല. അതിനാവശ്യമായ നഷ്ടപരിഹാരം നൽകാൻ കഴിയണം. ആളുകളുടെ ജീവനോപാധികൾ നഷ്ടപ്പെടുന്നു. അതിന് ആവശ്യമായ നഷ്ടപരിഹാരം ഈ സംവിധാനത്തിൽ ഒരുക്കേണ്ടതുണ്ട്. പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന ആളുകൾക്ക് നഷ്ടപരിഹാരം ലഭിക്കാത്ത സാഹചര്യം നിലവിൽ ഉണ്ടായിരുന്നു. അവർക്കും നഷ്ടപരിഹാരം ലഭിക്കാനുള്ള സംവിധാനം ഉണ്ടാകണം. കൃഷിഭൂമിയുമായി ബന്ധപ്പെട്ട് ഉരുൾപെട്ടലിന്റെയൊക്കെ അടിസ്ഥാനത്തിൽ

ഏക്കറുകണക്കിന് ഭൂമിയാണ് കൃഷിയോഗ്യമല്ലാതായി തീർന്നിട്ടുള്ളത്. അതൊക്കെ പുനഃസ്ഥാപിക്കുവാൻ കർഷകർക്ക് സ്വന്തം നിലയിൽ കഴിയില്ല. ആയതിനാൽ നഷ്ടപരിഹാരത്തെ സംബന്ധിച്ച് വിശാലമായ ഒരു സംവിധാനം ഒരുക്കിക്കൊണ്ട് എല്ലാവർക്കും നഷ്ടപരിഹാരം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. എന്റെ മണ്ഡലത്തിൽ പുനലൂർ താലൂക്കിൽ ഇടപ്പാളയത്ത് 28-ാം തീയതി ഉരുൾപൊട്ടലുണ്ടായി. ഭാഗ്യംകൊണ്ടാണ് വലിയ ഒരു ദുരന്തത്തിലേയ്ക്ക് അത് പോകാതിരുന്നത്. 1992-ലും 2018-ലും ഇപ്പോൾ വീണ്ടും ഉരുൾപൊട്ടൽ ഉണ്ടായിരിക്കുകയാണ്. അടിയന്തരമായ നടപടികളും പുനരധിവാസ പ്രവർത്തങ്ങളുമെല്ലാം നടത്തണം. അതെല്ലാം ചെയ്തു കൊണ്ടിരിക്കുകയാണ്. അക്കാര്യത്തിലുള്ള എന്റെ അഭിപ്രായം, ആ ഭാഗത്തുമാത്രമല്ല കേരളത്തിലുടനീളം നിരന്തരമായ ഉരുൾപൊട്ടൽ സാധ്യതയുള്ള അത്തരം സ്ഥലങ്ങളുണ്ട്. അവിടെയൊക്കെ താമസിക്കുന്ന ആളുകൾ വളരെ ഉത്കണ്ഠയോടുകൂടിയാണ് താമസിക്കുന്നത്. ഒരു മഴ വരുമ്പോൾ വളരെ ഭയത്തോടുകൂടി വല്ലാത്തൊരു മാനസ്സികാവസ്ഥയിലാണ്. അതൊക്കെ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഒരു സർവ്വേ നടത്തിക്കൊണ്ട് ആ മേഖലകളിലൊക്കെ

താമസിക്കുന്നവർ സുരക്ഷിതമല്ലെങ്കിൽ അവരെ പുനരധിവസിപ്പിക്കാനുള്ള ഒരു സംവിധാനത്തെക്കുറിച്ച് ഗവൺമെന്റ് ഗൗരവമായി ആലോചിക്കണം. പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് അടിയന്തരമായി നഷ്ടപരിഹാരം എല്ലാവർക്കും വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം സഭയുടെ മുന്നിൽ അവതരിപ്പിച്ചിട്ടുള്ളത്. മൂന്ന് പ്രധാനപ്പെട്ട വിഷയങ്ങളാണ് അദ്ദേഹം സൂചിപ്പിച്ചത്. ഒന്ന്, റീസർവ്വേയുമായി ബന്ധപ്പെട്ടതാണ്. മലബാറിൽ 1888-1904 കാലഘട്ടത്തിലും കൊച്ചിയിൽ 1898-1907 കാലഘട്ടത്തിലും തിരുവിതാംകൂറിൽ 1883-1911 കാലഘട്ടത്തിലും കാസർഗോഡ് 1882-1904 കാലഘട്ടത്തിലും സെറ്റിൽമെന്റ് നടപടികൾ നടക്കുകയും മലബാറും കാസർഗോഡും 1905-ലും കൊച്ചിൽ 1908-ലും തിരുവിതാംകൂറിൽ 1911-ലുമാണ് സെറ്റിൽമെന്റ് റജിസ്റ്റർ പ്രസിദ്ധീകരിക്കുകയും ചെയ്തത്. മലബാർ, കാസർഗോഡ് മേഖലകളിൽ 1935-ൽ റീസർവ്വേ സെറ്റിൽമെന്റ് രജിസ്റ്റർ പ്രസിദ്ധീകരിച്ചത് ഒഴിച്ചാൽ കാലഘട്ടത്തിനനുസരിച്ച്

കൈവശങ്ങളിൽ വന്ന മാറ്റങ്ങൾ രേഖപ്പെടുത്തുന്നതിനുള്ള റീസർവ്വേ നടപടികളൊന്നും ആയിട്ടില്ല. പിന്നീട് സംസ്ഥാന രൂപീകരണത്തിനുശേഷം 1966-ലാണ് റീസർവ്വേ നടപടികൾ കേരളത്തിൽ ആരംഭിച്ചത്. റീസർവ്വേ നടപടികളിൽ ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 54 വർഷം പിന്നിടുകയാണ്. കേരളത്തിൽ 1666 വില്ലേജുകളാണുള്ളത്. ആ വില്ലേജുകളിൽ 911 വില്ലേജുകളിലാണ് ഇതിനകം റീസർവ്വേ നടപടികൾ പൂർത്തീകരിച്ചത്. ആ റീസർവ്വേ നടപടികളിൽ ഇ.ടി.എസ്. മെഷീൻ ഉപയോഗിച്ച് നടത്തുന്ന ഡിജിറ്റൽ സർവ്വേ നടക്കപ്പെട്ടിട്ടുള്ളത് 89 വില്ലേജുകളിലാണ്. 27 വില്ലേജുകൾ ഓൺ ഗോയിംഗ്മാണ്. ബാക്കി വരുന്ന വില്ലേജുകളിൽ റീസർവ്വേ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. കഴിഞ്ഞ സർക്കാരിന്റെ തുടർച്ച എന്ന നിലയിൽ കേരളത്തെ നാലുവർഷക്കാലം കൊണ്ട് ഡിജിറ്റൽ ആയി അളക്കാൻ കഴിയുന്ന സമ്പൂർണ്ണമായ ഒരു ഡിജിറ്റൽ റീസർവ്വേയ്ക്ക് നേതൃത്വം നൽകണം എന്നാണ് സർക്കാർ ആലോചിക്കുന്നത്. ഇപ്പോൾ റീസർവ്വേ ഡിജിറ്റലായി നടത്തിയ 89 വില്ലേജുകളിലും നടക്കാൻ പോകുന്ന 27 വില്ലേജുകളും ഒഴിച്ചുള്ള ബാക്കി 1550 വില്ലേജുകളിൽ നാലുവർഷക്കാലം കൊണ്ട് സമഗ്രമായ ഡിജിറ്റൽ റീസർവ്വേ

നടപടികൾ പൂർത്തീകരിക്കണം എന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം. എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചുകൊണ്ട് ഗവൺമെന്റും റവന്യൂവകുപ്പും മുന്നോട്ടുപോകുമ്പോൾ ഭൂമി സംബന്ധമായ എല്ലാ പ്രശ്നങ്ങളുടെയും ഏറ്റവും ആധികാരികമായ രേഖ ഉണ്ടാക്കാൻ സർവ്വേ നടപടികൾ കൊണ്ടുമാത്രമേ സാധിക്കുകയുള്ളൂ. തീർച്ചയായും ജനകീയ പങ്കാളിത്തത്തോടെ ഈ സർവ്വേ നടപടികൾ മുന്നോട്ടുപോകണം എന്നാണ് ആലോചിക്കുന്നത്. അത് ഒരു മിഷൻ മോഡിലേയ്ക്ക് കൊണ്ടുവരേണ്ടതുണ്ട്. അക്കാര്യം എം.എൽ.എ.-മാരുമായി ആശയ വിനിമയം നടത്തുന്നതിന് നാളെ സഭ പിരിഞ്ഞതിനുശേഷം ശങ്കരനാരായണൻ തമ്പി ഹാളിൽ എം.എൽ.എ.-മാർക്ക് വേണ്ടി പ്രത്യേക പ്രസന്റേഷൻ നടത്തുന്നുണ്ടെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ? തീർച്ചയായും ഇതിന് പ്രധാനപ്പെട്ട തടസ്സമായിനിന്നിരുന്നത് സാമ്പത്തിക പ്രശ്നമാണ്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി ഈ ഗവൺമെന്റ് 807.98 കോടി രൂപ പ്രിൻസിപ്പൽ സാങ്ഷൻ നൽകുകയും ആദ്യ ഗഡുവായി 339.438 കോടി രൂപ നൽകാൻ തിരുമാനിക്കുകയും ചെയ്തു. മൂന്ന് പ്രധാനപ്പെട്ട സാങ്കേതിക വിദ്യകളാണ് ഇതിനുവേണ്ടി

ഉപയോഗിക്കുന്നത്. ഒന്ന് കണ്ടിന്യൂവസ്‌ലി ഓപ്പറേറ്റിംഗ് റഫറൻസ് സ്റ്റേഷൻ എന്നുപറയുന്ന CORS, അതിന്റെ സിഗ്നൽ സ്റ്റേഷനുകൾ രൂപീകരിച്ച് ആർ.ടി.കെ. റോബറുകളും ഇ.ടി.എസ്. മെഷീനുകളും ഡ്രോൺ ഉപയോഗിച്ചുകൊണ്ടുള്ള സമഗ്രമായ റീസർവ്വേ നടപടികൾ നാല് വർഷക്കാലം കൊണ്ട് പൂർത്തീകരിക്കാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ പട്ടയവിതരണം ഒരു പ്രധാനപ്പെട്ട ലക്ഷ്യമാണ്. കേരള ചരിത്രത്തിൽ ഏറ്റവും കൂടുതൽ പട്ടയങ്ങൾ നമുക്ക് വിതരണം ചെയ്യാൻ കഴിഞ്ഞത് കഴിഞ്ഞ ഗവൺമെന്റിന്റ് കാലത്താണ്. 177000-ത്തിൽ ഏറെ പട്ടയങ്ങളുടെ കണക്ക് അങ്ങ് ഇവിടെ സൂചിപ്പിച്ചു. പരമാവധി ആളുകളെ ഭൂമിയുടെ ഉടമസ്ഥന്മാരാക്കാനുള്ള വലിയ ശ്രമത്തിന് കഴിഞ്ഞ ഗവൺമെന്റ് നേതൃത്വം നൽകി. ആ ഗവൺമെന്റിന്റെ തുടർച്ചയെന്നപോലെ അർഹരായ മുഴുവൻ ആളുകൾക്കും ഭൂമി നൽകാൻ വേണ്ടി വിവിധ പദ്ധതികൾ ഗവൺമെന്റ് ആലോചിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനം ലാൻഡ് ബോർഡുകളിലും ലാൻഡ് ട്രിബ്യൂണലുകളിലുമായിരിക്കുന്ന എസ്.എൻ. രജിസ്റ്റർ ചെയ്ത 1295 കേസുകളിലും ട്രിബ്യൂണലിൽ നിലനിൽക്കുന്ന ഒരു 127000-ത്തിലധികം

വരുന്ന കേസ്സുകളിലും വളരെ പെട്ടെന്ന് തീരുമാനം എടുക്കുകയെന്നുള്ളതാണ്. അതിന്റെ ഭാഗമായി ലാൻഡ് ബോർഡിലേയും ലാൻഡ് ട്രിബ്യൂണലിലേയും ജീവനക്കാർക്ക് പരിശീലനം നൽകി കഴിഞ്ഞു. നാല് മേഖലകൾ തിരിച്ച് ലാൻഡ് ട്രിബ്യൂണലുകളുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുന്നതിനുവേണ്ടി ഓരോ ഡെപ്യൂട്ടി കളക്ടർമാരുടെ പ്രത്യേക ചുമതല തീരുമാനിച്ചുകഴിഞ്ഞു. പട്ടയ അപേക്ഷകൾക്ക് അദാലത്തുകൾ സംഘടിപ്പിക്കുകയും വരുന്ന ഡിസംബർ മാസത്തോടെ കേരളത്തിലെ ഭൂരഹിതരായവരുടെ മുഴുവൻ എണ്ണവും എല്ലാവർക്കും കാണാൻ കഴിയുന്ന വിധത്തിൽ ഡാഷ്ബോർഡുകൾ നടത്തി പ്രസിദ്ധീകരിക്കുവാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അങ്ങ് അതിൽ ശ്രദ്ധേയമായ മുൻകൈ എടുത്ത്, പുനലൂർ താലൂക്ക് ലാൻഡ് ബോർഡിലുള്ള പേപ്പർ മില്ലിലെ കേസ്സിലുൾപ്പെടെ ശ്രദ്ധേയമായതരത്തിൽ മുന്നോട്ട് പോകാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. കേരളം ഞെട്ടുന്ന ഇപ്പോഴുണ്ടായതുപോലെയുള്ള ഭീകരമായ കാലവർഷക്കെടുതിയോടനുബന്ധിച്ചുള്ള ദുരന്തങ്ങളിൽ എല്ലാവിധത്തിലുള്ള സഹായങ്ങളും ചെയ്യാൻ സർക്കാർ തയ്യാറാണ്. പലതവണ ഇവിടെ

വിശദീകരിച്ചതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. എല്ലാ അർത്ഥത്തിലും മുൻകരുതൽ നടപ്പിലാക്കാൻ കഴിഞ്ഞു. അങ്ങ് ഇവിടെ സൂചിപ്പിച്ച ഒറ്റക്കാര്യം മാത്രമേ പറയുന്നുള്ളൂ. സാധാരണ നിലയിൽ State Disaster Response Fund (SDRF) എന്ന ഫണ്ടിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് പണം കൊടുക്കുക പര്യാപ്തമാകില്ല. അതുകൊണ്ട് ഈ ഗവൺമെന്റ് വളരെ വിശദമായി ആ കാര്യത്തെക്കുറിച്ച് ആലോചിച്ചു. സാധാരണ നിലയിൽ SDRF അനുസരിച്ച് പൂർണ്ണമായി വീട് തകർന്നാൽ സമതലത്തിൽ 95,100 രൂപയും കുന്നിൻപ്രദേശത്തിൽ 1,01,900 രൂപയുമാണ് ഏറ്റവും കൂടുതൽ കൊടുക്കാൻ കഴിയുന്നത്. പാർഷ്യൽ ഡാമേജിന് സ്ലാബുകളില്ല. 75 ശതമാനംവരെ എത്ര തകർന്നാലും 5200 രൂപ മാത്രമാണ് കൊടുക്കുന്നത്. ഈ ദുരന്തത്തിനുശേഷം 5/2021 ഡി.എം.ബി. എന്ന പ്രത്യേക ഉത്തരവ് ഗവൺമെന്റ് പുറപ്പെടുവിച്ചു. വീട് നഷ്ടപ്പെട്ടയെല്ലാവർക്കും 4 ലക്ഷം രൂപ നൽകാൻ 5/2021 എന്ന നടപടികളിലൂടെ സർക്കാർ തീരുമാനിച്ചു. ഇതുമാത്രമല്ല, 15 ശതമാനം വരെ, 16 ശതമാനം മുതൽ 29 ശതമാനം വരെ, 30 ശതമാനം മുതൽ 50 ശതമാനം വരെ, 60 ശതമാനം മുതൽ 74 ശതമാനം വരെയുള്ള വിവിധ സ്ലാബുകളും

10,000 രൂപ മുതൽ 2,50,000 രൂപ വരെ തകർന്ന വീടുകളുടെ കണക്കനുസരിച്ച് കൊടുക്കാനും തീരുമാനിച്ചു. അങ്ങ് ഇവിടെ സൂചിപ്പിച്ച പുറമ്പോക്കിലെ ആളുകൾക്ക് ഭൂമി നഷ്ടപ്പെട്ടാലുള്ള പ്രശ്നം, പുറമ്പോക്കിലാണെങ്കിലും താമസിക്കാനിടയില്ലാത്ത സ്ഥലത്താണെങ്കിൽ 10 ലക്ഷം രൂപ നഷ്ടപരിഹാരം കൊടുക്കാൻ 5/2021-ലൂടെ ഗവൺമെന്റ് തീരുമാനിച്ചു. 6 ലക്ഷം രൂപ ഭൂമി വാങ്ങാനും 4 ലക്ഷം രൂപ വീട് പണിയാനും നൽകും. ജീവഹാനി സംഭവിച്ചവരുടെ ആശ്രിതർക്ക് 4 ലക്ഷത്തിന് പുറമേ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ഒരു ലക്ഷം രൂപകൂടി കൊടുത്ത് 5 ലക്ഷം രൂപ കൊടുക്കാനും ഗവൺമെന്റ് തീരുമാനിച്ചു. അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഒൻപത് ജില്ലകൾക്ക് 13.35 കോടി രൂപ ഇതിനകം അനുവദിച്ചിട്ടുണ്ട്. അങ്ങ് പ്രത്യേകമായി സൂചിപ്പിച്ച പുനലൂർ താലൂക്കിലെ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട പ്രദേശത്ത് പ്രത്യേക പരിശോധന സംഘത്തെതന്നെ അയച്ച് ആ കാര്യം പരിശോധിക്കാവുന്നതാണെന്ന് ഞാൻ അങ്ങയെ അറിയിക്കുകയാണ്.

ശ്രീ. പി. എസ്. സുപാൽ: സർ, നമ്മുടെ സംസ്ഥാനത്ത് ഭൂമിയില്ലാത്ത നിരവധി കുടുംബങ്ങളുണ്ട്. ഒരു തുണ്ട് ഭൂമി എന്നത് അവരുടെ സ്വപ്നമാണ്.

അതേസമയം, ഭൂപരിഷ്കരണ നിയമത്തിന്റെ പരിധിക്ക് പുറത്ത് ഒരുപാട് ഭൂമി കൈവശംവച്ചുകൊണ്ടിരിക്കുന്ന ധാരാളം പേരുണ്ട്. ഈ കാര്യങ്ങൾ ഗൗരവമായി ഗവൺമെന്റ് പരിശോധിക്കുമോ? അധിക ഭൂമി കണ്ടെത്തി അത് പിടിച്ചെടുത്ത് ഭൂരഹിതരായ ആളുകൾക്ക് വിതരണം നടത്തുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. കെ. രാജൻ: സർ, അൻപത് വർഷം കഴിഞ്ഞ് ഭൂപരിഷ്കരണ നിയമത്തിന്റെ അന്തസ്സത്ത പൂർണ്ണമായി നിലനിർത്താൻ കൈവശമുള്ളവർക്ക് പട്ടയം കൊടുക്കൽ മാത്രമല്ല ഭൂമി മലയാളത്തിലെവിടെയും ഒരു തണ്ടപ്പേരുപോലുമില്ലാത്ത മുഴുവൻ ഭൂരഹിതർക്കും ഭൂമി നൽകാൻ കഴിയുന്ന വിധത്തിലുള്ള നടപടിയാണ് കഴിഞ്ഞ ഗവൺമെന്റ് എടുത്തതും ഈ ഗവൺമെന്റ് തുടർച്ചയായി ചെയ്യുന്നതും. അതുകൊണ്ടുതന്നെ രണ്ട് പ്രധാനപ്പെട്ട കാര്യങ്ങൾ ആലോചിച്ചിട്ടുണ്ട്. ഒന്ന്, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെയുള്ള ഡിജിറ്റൽ റീ-സർവ്വേ പൂർത്തീകരിക്കുക. രണ്ടാമത്തേത് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. പല തരത്തിലുള്ള തണ്ടപ്പേരുകൾ പല ജില്ലകളിലായി കൊണ്ടുനടന്നാൽ എത്ര ഭൂമി ഒരാളുടെ കയ്യിലുണ്ടെന്ന് നമുക്ക് അറിയാൻ സാധിക്കില്ല. അതുകൊണ്ട് അധാർ

അധിഷ്ഠിതമാക്കിയ ഒരു unique തണ്ടപ്പേർ സിസ്റ്റം കഴിഞ്ഞ ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിരുന്നു. കേന്ദ്ര ഗവൺമെന്റിന്റെ ഇലക്ട്രോണിക് വിവര സാങ്കേതിക മന്ത്രാലയം ആധാറും തണ്ടപ്പേരുമായി കണക്ട് ചെയ്യാനുള്ള അവകാശം കഴിഞ്ഞ സെപ്റ്റംബർ മാസത്തിൽ നൽകിയതോടെ ഇന്ത്യയിൽ ആദ്യമായി unique തണ്ടപ്പേർ സിസ്റ്റം നടപ്പിലാക്കുന്ന സംസ്ഥാനമായി കേരളം മാറും. അതിലൂടെ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നു.

(2) ദേശീയപാത 766-ലെ രാത്രി ഗതാഗത നിയന്ത്രണം

ശ്രീ. ഐ.സി. ബാലകൃഷ്ണൻ: സർ, കേരള -കർണ്ണാടക സംസ്ഥാനങ്ങൾ തമ്മിൽ ബന്ധിപ്പിക്കുന്ന കോഴിക്കോട്-കൊല്ലെഗൽ നാഷണൽ ഹൈവേ 766-ൽവന്ന രാത്രി യാത്രാ നിരോധനവുമായി ബന്ധപ്പെട്ടുള്ള വിഷയമാണ് ഞാൻ സഭയുടെയും സർക്കാരിന്റെയും ബഹുമാനപ്പെട്ട മന്ത്രിയുടെയും ശ്രദ്ധയിൽകൊണ്ടുവരുന്നത്. 2009-ലാണ് കർണ്ണാടക ചാമരാജ് നഗർ കളക്ടർ നാഷണൽ ഹൈവേ 766-ൽ നിയന്ത്രണം കൊണ്ടുവന്നത്. അതുമായി ബന്ധപ്പെട്ട് അന്നത്തെ ഗവൺമെന്റ് കർണ്ണാടക ഗവൺമെന്റുമായി ചർച്ച നടത്തിയെങ്കിലും കളക്ടർ കൊണ്ടുവന്ന ഉത്തരവ് കർണ്ണാടക

ഹൈക്കോടതി ശരിവയ്ക്കുകയാണ് ചെയ്തത്. അതിന്റെ ഭാഗമായി ഇന്ന് ആ കേസ് സുപ്രീം കോടതിയിൽ നിലനിൽക്കുകയാണ്. സുപ്രീം കോടതിയിൽ കേസ് നിലനിൽക്കുമ്പോൾ ഇതുമായി ബന്ധപ്പെട്ട് വിവിധ സംഘടനകളായ വ്യാപാരികൾ, ആക്ഷൻ കമ്മിറ്റികൾ, റെയിൽവേ ആക്ഷൻ കമ്മിറ്റികൾ, സർക്കാർ, ജനപ്രതിനിധികൾ, തുടങ്ങിയവർ കോടതിയെ സമീപിച്ചിട്ടുണ്ട്. 2016-ൽ ഈ റോഡുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനുവേണ്ടി കേരള സർക്കാർതന്നെ കേരള സർക്കാരിന്റെ ഏജൻസിയായ National Transportation Planning and Research Centre (NATPAC)-നെ ചുമതലപ്പെടുത്തി. ഈ റോഡുമായി ബന്ധപ്പെട്ട് ഒരു ബദൽ സംവിധാനമെന്ന നിലയിൽ പഞ്ച് മോഡൽ ഫ്ലൈഓവർ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസലാണ് NATPAC സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്. എന്നാൽ, NATPAC-ന്റെ റിപ്പോർട്ട് അനുസരിച്ച് അതിന് 500 കോടി രൂപയോളം ചെലവ് വരുന്നുണ്ട്. ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ കേരള സർക്കാർ 250 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തുകയും ചെയ്തു. ഇതിന്റെ 50 ശതമാനം തുക കേരള സർക്കാർ വഹിക്കുമെന്ന പ്രഖ്യാപനവുമുണ്ടായിട്ടുണ്ട്. NATPAC-ന്റെ റിപ്പോർട്ടോ അല്ലെങ്കിൽ

സർക്കാർ ഇതുമായി ബന്ധപ്പെട്ട് ഫ്ലൈ ഓവർ നിർമ്മിക്കുന്നതിനുവേണ്ടി 250 കോടി രൂപ ബഡ്ജറ്റിൽ വച്ച കാര്യങ്ങളോ കർണ്ണാടക സർക്കാരുമായോ സുപ്രീം കോടതിയുമായോ ചർച്ച ചെയ്യാൻ ഇതുവരെ തയ്യാറായിട്ടില്ലായെന്നുള്ളത് ഒരു സങ്കടമായ അവസ്ഥയാണ്. 10-01-2018-ൽ ഈ റോഡുമായി ബന്ധപ്പെട്ട് പഠനം നടത്തുന്നതിനുവേണ്ടി കർണ്ണാടക, കേരള, തമിഴ്നാട് ഉദ്യോഗസ്ഥന്മാരുടെ ഒരു ഉന്നതാധികാര സമിതി രൂപീകരിച്ച് റിപ്പോർട്ട് സമർപ്പിക്കണമെന്ന് സുപ്രീം കോടതി തന്നെ പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട് 12-03-2018-ൽ കർണ്ണാടക ചീഫ് സെക്രട്ടറി വിളിച്ചുചേർത്ത യോഗത്തിൽ നമ്മുടെ ഉദ്യോഗസ്ഥന്മാരും പങ്കെടുത്തിരുന്നു. നമ്മുടെ ട്രാൻസ്പോർട്ട് സെക്രട്ടറി, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഉൾപ്പെടുന്ന ഉദ്യോഗസ്ഥന്മാർ പങ്കെടുത്തെങ്കിലും ഈ റോഡ് പൂർണ്ണമായി അടയ്ക്കുന്നതിനുവേണ്ടിയുള്ള ഒരു നിലപാടാണ് കർണ്ണാടക തീരുമാനിച്ചത്. ആ മിനിട്ട്സിലാണ് നമ്മുടെ ഉദ്യോഗസ്ഥന്മാർ ഒപ്പ് വച്ചിട്ടുള്ളത്. കർണ്ണാടകയുമായി ബന്ധപ്പെട്ട് കുട്ട-ഗോണിക്കുപ്പ റോഡ് വികസിപ്പിക്കുകയെന്നുള്ളതാണ് അവർ പറയുന്നത്. കുട്ട-ഗോണിക്കുപ്പ റോഡ് വികസിപ്പിക്കുമ്പോൾ 4 മണിക്കൂർകൊണ്ട് കോഴിക്കോട്നിന്നും

മൈസൂർ എത്തേണ്ട നമ്മൾ 10 മണിക്കൂറെടുക്കും. ഇതുമായി ബന്ധപ്പെട്ട് കർണ്ണാടക കേരള സർക്കാരുകളുടെ തീരുമാനമനുസിച്ച് 'ഭാരത മാല' പദ്ധതിയിലാണ് ആ റോഡ് വികസിപ്പിക്കുന്നത്. കുട്ട-ഗോണിക്കുപ്പ റോഡ് വികസിക്കുന്നതിൽ ആർക്കും എതിർപ്പില്ല. പക്ഷെ, ബ്രിട്ടീഷുകാരുടെ കാലത്ത് സ്ഥാപിതമായ കോഴിക്കോട്-വയനാട്-സുൽത്താൻബത്തേരി-ഗുണ്ടൽപേട്ട-നഞ്ചൻകോഡ്-മൈസൂർ-കൊല്ലേഗൽ റോഡ് അടയ്ക്കുകയെന്ന് പറയുന്നത് സങ്കടകരമായ ഒരു കാര്യമാണ്. മാത്രമല്ല. ഈ റോഡ് പകലും അടയ്ക്കുന്നുവെന്ന് അറിഞ്ഞപ്പോഴാണ് വലിയ സമരം നടത്തിയത്. ബഹുമാനപ്പെട്ട മന്ത്രിയടക്കം ആ സമരത്തിൽ വന്നിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. എല്ലാ യുവജന സംഘടനകളും രാഷ്ട്രീയത്തിനതീതമായി ജാതി മതത്തിനതീതമായി സുൽത്താൻ ബത്തേരിയിൽ വലിയ സമരം നടത്തി. ഈ റോഡുമായി ബന്ധപ്പെട്ട് കോഴിക്കോട്-കൽപ്പറ്റ-സുൽത്താൻ ബത്തേരി-ഗുണ്ടൽപേട്ട വഴി 5 മണിക്കൂർകൊണ്ട് മൈസൂർ എത്താം. ഈ റോഡ് തിരിച്ചുവിടാനുള്ള പ്ലാനെന്ന് പറയുന്നത് കോഴിക്കോട്-കൽപ്പറ്റ-മാനന്തവാടി-കുട്ട-ഗോണിക്കുപ്പയാണ്. ആ റോഡ് വികസിക്കട്ടെ, പക്ഷെ ഈ റോഡ് അടച്ചിട്ട് അത് വികസിപ്പിക്കണമെന്ന് പറയുമ്പോൾ വലിയ

പ്രയാസമുണ്ട്. അതുകൊണ്ട് ഗവൺമെന്റ് ഇതിൽ വ്യക്തമായ രീതിയിൽ ഒരു ഇടപെടൽ നടത്തണം. മാത്രമല്ല, ഈ റോഡ് അടയ്ക്കുന്നതിനുവേണ്ടി എന്തിനാണ് ചില ലോബികൾ കർണ്ണാടകയിൽ പ്രവർത്തിക്കുന്നത്? കർണ്ണാടക ഗവൺമെന്റിനെയും കേരള ഗവൺമെന്റിനെയും തെറ്റിധരിപ്പിക്കുന്നു. അടിസ്ഥാനപരമായ ഒരു ചർച്ച നടത്താൻപോലും ഇന്ന് നമ്മളെ അനുവദിക്കാത്ത രീതിയിലാണ് ചില ലോബികളുടെ ഇടപെടൽ. കർണ്ണാടക ഗവൺമെന്റുമായി നമുക്ക് സംസാരിക്കാനോ ചർച്ച നടത്താനോ കഴിഞ്ഞിട്ടില്ല. കേരള ഗവൺമെന്റുമായും കേന്ദ്ര ഗവൺമെന്റുമായും ചർച്ച നടത്താൻ കഴിഞ്ഞിട്ടില്ല. അങ്ങ് തന്നെ ബാംഗ്ലൂരിൽനിന്ന് പുറപ്പെട്ട് ഉണ്ടൽപേട്ട വന്ന് ഒരുദിവസം കിടക്കേണ്ട ഗതികേടുണ്ടായല്ലോ. വളരെ പ്രധാനപ്പെട്ട റോഡ് എന്ന നിലയിൽ ബഹുമാനപ്പെട്ട മന്ത്രിക്ക് ഇതൊക്കെ അറിയാം. ബഹുമാനപ്പെട്ട മന്ത്രി ഈ കാര്യങ്ങളിലൊക്കെ ഇടപെടുന്ന ഒരാളാണ്. മാത്രമല്ല, ടൂറിസം മേഖലയിൽ അനന്ത സാധ്യതകളുള്ള കേരളത്തെപ്പോലും തകർക്കുന്ന രീതിയിലുള്ള തീരുമാനം ഗവൺമെന്റ് ഏറ്റെടുത്തുകൊണ്ട് ചർച്ച നടത്തി പരിഹരിക്കണമെന്നാണ് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നത്.

പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കേരള അതിർത്തിയായ സുൽത്താൻ ബത്തേരിയും കർണ്ണാടകത്തിലെ ഗുണ്ടൽപേട്ടും തമ്മിൽ ബന്ധിപ്പിക്കുന്ന ദേശീയപാത 212 (എൻ.എച്ച് 766)-ൽ കൂടിയും ദേശീയപാത 67-ൽ കൂടിയുമുള്ള രാത്രികാല യാത്രാനിരോധനം നീക്കുന്നതിന് സംസ്ഥാന സർക്കാർ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കർണ്ണാടക ഹൈക്കോടതിയിലുണ്ടായിരുന്ന ഹർജിയിൽ സംസ്ഥാന സർക്കാരും കെ.എസ്.ആർ.ടി.സി.-യും കക്ഷി ചേർന്നിരുന്നുവെങ്കിലും നിരോധനം ശരിവച്ചു. തുടർന്ന് ഈ വിധിക്കെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഹർജി സമർപ്പിക്കുകയും സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം രൂപീകരിച്ച കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള കമ്മിറ്റി രാത്രി യാത്രാനിരോധനം ഒഴിവാക്കുന്നതിന് എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതുൾപ്പെടെയുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. ഇതിനായി ഏകദേശം 500 കോടി രൂപ ചെലവ് കണക്കാക്കുകയും ചെയ്തു. ഇതനുസരിച്ച് തുകയുടെ 50 ശതമാനം കേരളം വഹിക്കുവാൻ തയ്യാറാണെന്ന് അറിയിക്കുകയും 2019-20-ലെ ബഡ്ജറ്റിൽ 250 കോടി രൂപ

വകയിരുത്തുകയും ചെയ്തു. എന്നാൽ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം ഈ നിർദ്ദേശത്തെ എതിർത്തു. ഇതേത്തുടർന്ന് കേന്ദ്ര കാബിനറ്റ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മറ്റൊരു കമ്മിറ്റി രൂപീകരിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിട്ടു. സംസ്ഥാന പാത 90-ഉം ദേശീയ പാത 275-ഉം സംയോജിപ്പിച്ച് പുതിയ പാത നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിച്ചു. ഇതിന്മേൽ ബഹുമാനപ്പെട്ട സുപ്രീംകോടതി കേന്ദ്ര വനം മന്ത്രാലയത്തിന്റെ അനുമതി തേടിയിരിക്കുകയാണ്. സംസ്ഥാന സർക്കാർ ബദൽ മാർഗ്ഗങ്ങൾ ആലോചിക്കുകയും നാറ്റ്പാക്-നെ കൊണ്ട് പഠനം നടത്തിക്കുകയും ചെയ്തു. കൽപ്പറ്റ-ഗുണ്ടൽപേട്ട്-മൈസൂർ റോഡിലാണ് നാറ്റ്പാക് പാത നിർദ്ദേശിച്ചിരിക്കുന്നത്. ഇതിന്റെ ആകെ നീളം 99 കിലോമീറ്ററാണ്. ഇതിൽ 29.9 കിലോമീറ്റർ ഭാഗം വനഭൂമിയാണ്. ഇതിൽ 26 കിലോമീറ്റർ എലിവേറ്റഡ് ഹൈവേയായി നിർമ്മിക്കാനാണ് നാറ്റ്പാക് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ബദൽ പാത പ്രായോഗികമല്ലാത്തതിനാൽ എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്ന കാര്യം പരിഗണിക്കണമെന്നാണ് സർക്കാർ നിലപാട്. രാത്രിയാത്രാ നിരോധനം ഒഴിവാക്കുന്നതിന്

എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്നതുൾപ്പെടെയുള്ള കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയ സെക്രട്ടറി സമർപ്പിച്ച നിർദ്ദേശങ്ങൾ നടപ്പിലാക്കണമെന്ന് ബഹുമാനപ്പെട്ട കോടതി മുമ്പാകെയും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രശ്നം പരിഹരിക്കുവാൻ കർണ്ണാടക സർക്കാരുമായി മന്ത്രിതല ചർച്ച നടത്തുവാൻ ഗതാഗത വകുപ്പ് നടപടി സ്വീകരിച്ചുവരികയാണ്.

<u>ശ്രീ. ഐ.സി. ബാലകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ മറുപടി വളരെ തൃപ്തികരമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിന് അങ്ങുതന്നെ മുൻകയ്യെടുത്ത് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വിവിധ വകുപ്പു മന്ത്രിമാരെയും ഈ റോഡുമായി ബന്ധപ്പെടുന്ന എം.പി.-മാരെയും എം.എൽ.എ.-മാരെയും വിവിധ വകുപ്പ് ഉദ്യോഗസ്ഥൻമാരെയും വിളിച്ചുചേർത്ത് ആദ്യഘട്ടമായി സംസ്ഥാന തലത്തിൽ ഒരു യോഗം ചേരാൻ സർക്കാർ തയ്യാറാകുമോ?

(<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>): സർ, തീർച്ചയായും ഈ കാര്യം പരിഗണിക്കാവുന്നതാണ്. സർക്കാരിന് ഇതുസംബന്ധിച്ച് വ്യക്തതയുണ്ട്. ഉദ്യോഗസ്ഥ തലത്തിലുള്ള ആർക്കും സർക്കാരിനെ കബളിപ്പിക്കാൻ

സാധിക്കില്ല. സർക്കാരിന് വ്യക്തമായ നിലപാടാണുള്ളത്. ഈ പറഞ്ഞ രീതിയിൽ ഒരു യോഗം വിളിച്ചുചേർക്കാവുന്നതാണ്.